©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# പതിനഞ്ചാം കേരള നിയമസഭ
**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി IV
# (SUBJECT COMMITTEE IV)

# വ്യവസായവും ധാതുക്കളും
# (INDUSTRY AND MINERALS)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്
## (2022-2023)

**SECOND REPORT ON THE SCRUTINY OF DEMANDS FOR GRANTS**
**(2022-2023)**

2022 ജൂൺ 27-ാം തീയതി സമർപ്പിച്ചത്
(Presented on 27th June,2022)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2022

പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി IV
# (SUBJECT COMMITTEE IV)

## വ്യവസായവും ധാതുക്കളും
## (INDUSTRY AND MINERALS)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
രണ്ടാമത് റിപ്പോർട്ട്
(2022-2023)

SECOND REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2022-2023)

524/2021.

# ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി IV
## (വ്യവസായവും ധാതുക്കളും)
## (2021-2023)
### ഘടന

<u>ചെയർമാൻ</u> :

ശ്രീ. പി. രാജീവ്,
നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. കെ. ബാബു (നെന്മാറ)

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. വി. ശശി

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ത്രിദീപ് കെ. ജി., ജോയിന്റ് സെക്രട്ടറി

ശ്രീമതി ജയശ്രീ എം., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. സജീവൻ പി. കെ., അണ്ടർ സെക്രട്ടറി.

# അവതാരിക

2022-2023 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2022 ഏപ്രിൽ 12, 21, എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം ധനാഭ്യർത്ഥന നമ്പർ XXXVII—വ്യവസായങ്ങൾ എന്ന ധനാഭ്യർത്ഥനയിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

ധനാഭ്യർത്ഥന നമ്പർ XXXVII സംബന്ധിച്ച് വ്യവസായ വകുപ്പിൽ നിന്നും ലഭിച്ച കുറിപ്പുകൾ പരിശോധനാവേളയിൽ സമിതി പരിഗണിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ യോഗങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2022 ഏപ്രിൽ മാസം 26-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

പി. രാജീവ്,

*ചെയർമാൻ,*

*സബ്ജക്ട് കമ്മിറ്റി IV.*

തിരുവനന്തപുരം,

2022 ഏപ്രിൽ 26.

# റിപ്പോർട്ട്

ധനാഭ്യർത്ഥന നമ്പർ XXXVII—വ്യവസായങ്ങൾ

വോട്ട് ചെയ്തത് : 1913,13,37,000 രൂപ

ചാർജ് ചെയ്തത് : 1000 രൂപ

2851-00-001-93—കപ്പാസിറ്റി ബിൽഡിംഗ് / ഊർജ്ജിത വ്യവസായവൽക്കരണ പരിപാടി

ബഡ്ജറ്റ് വിഹിതം : 5,20,00,000 രൂപ (പ്ലാൻ)

1. 2022-23 വർഷം സംരംഭക വർഷമായി ആഘോഷിക്കുന്നതിന്റെ ഭാഗമായുള്ള വിവിധ പരിപാടികൾക്കും കപ്പാസിറ്റി ബിൽഡിംഗ് / ഊർജ്ജിത വ്യവസായവൽക്കരണ പരിപാടി പദ്ധതിയിലെ പൊതുവായ പരിപാടികൾക്കും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-102-25 (01)—നാനോ യൂണിറ്റുകൾക്കുള്ള മാർജിൻമണി ഗ്രാന്റ് - അതിസൂക്ഷ്മ വ്യവസായ യൂണിറ്റുകൾക്ക് മാർജിൻ മണി സഹായം.

ബഡ്ജറ്റ് വിഹിതം : 2,25,00,000 രൂപ (പ്ലാൻ)

2. 2020-21 സാമ്പത്തിക വർഷത്തിന്റെ അവസാന പാദം നടപ്പിലാക്കി തുടങ്ങിയ നാനോ സംരംഭങ്ങൾക്ക് മാർജിൻമണി ഗ്രാന്റ് നൽകുന്ന പദ്ധതിയ്ക്ക് സംരംഭകർക്കിടയിൽ വലിയ സ്വീകാര്യതയുള്ളതിനാലും അപേക്ഷകളുടെ ബാഹുല്യം കാരണവും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-103-43—അംശദാന മിതവ്യയ ഫണ്ട്

ബഡ്ജറ്റ് വിഹിതം : 1,00,00,000 രൂപ (പ്ലാൻ)

3. കൈത്തറിതൊഴിലാളികളുടെ കുടുംബാംഗങ്ങളുടെ വിവാഹം, കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങിയവയ്ക്കുള്ള ധനസഹായം നൽകുന്നതിനുള്ള പ്രസ്തുത ശീർഷകത്തിൽ 2022-23-ലെ അപേക്ഷകളും കൂടി കണക്കിലെടുക്കുമ്പോൾ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-103-38—നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പദ്ധതി

ബഡ്ജറ്റ് വിഹിതം : 4,00,00,000 രൂപ (പ്ലാൻ)

4. സർക്കാർ നിശ്ചയിച്ച അളവിൽ കൂടുതൽ നെയ്യുന്നവർ/നൂൽ ചുറ്റുന്നവർക്ക് നൽകി വരുന്ന പ്രോത്സാഹന ധന സഹായ പദ്ധതിയായ പ്രൊഡക്ഷൻ ഇൻസെന്റീവ് 2018-2019 മുതലുള്ള കുടിശ്ശിക നൽകാനുണ്ടെന്നും കൂടാതെ 16 കോടിയിൽപ്പരം രൂപയ്ക്കുള്ള പ്രോത്സാഹന ധനസഹായ അപേക്ഷകൾ പരിഗണിക്കേണ്ടതുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ നടപ്പ് സാമ്പത്തിക വർഷം തന്നെ കുടിശ്ശിക നൽകുന്നതിനും അപേക്ഷകൾ തീർപ്പാക്കുന്നതിനുമായി മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 12 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-99-31—കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഭരണപരമായ ചെലവുകൾ സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം : 45,10,00,000 രൂപ (നോൺ പ്ലാൻ)

5. കേരള ഖാദി ഗ്രാമവ്യവസായ ബോർഡിൽ നടപ്പിലാക്കിയ ശമ്പളപരിഷ്കരണ കുടിശ്ശികയും പെൻഷൻ കുടിശ്ശികയും വിരമിക്കൽ ആനുകൂല്യങ്ങളും നൽകുന്നത് മേൽ ശീർഷകത്തിൽ നിന്നാണ്. എന്നാൽ പ്രസ്തുത ശീർഷകത്തിൽ ഈ ആനുകൂല്യങ്ങൾ കൂടി നൽകുന്നതിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 81.69 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-96-33—കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഖാദിയുടെ ചില്ലറവില്പനയ്ക്കുള്ള പ്രത്യേക റിബേറ്റ് സബ്സിഡികൾ.

ബഡ്ജറ്റ് വിഹിതം : 15,00,00,000 രൂപ (നോൺപ്ലാൻ)

6. സംസ്ഥാനത്ത് ഖാദി വില്പനയ്ക്ക് റിബേറ്റ് നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 30 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-95-10—കേരള ഖാദി തൊഴിലാളി ക്ഷേമനിധി - സംഭാവന

ബഡ്ജറ്റ് വിഹിതം : 1000 രൂപ

7. കേരള ഖാദി തൊഴിലാളി ക്ഷേമനിധി ചട്ടപ്രകാരം തൊഴിലാളി വിഹിതത്തിന് തുല്യതുക സർക്കാർ അംശദായം നൽകണമെന്നതിനാലും, നിധിയിൽ നിന്ന് പെൻഷനും വിവിധ ആനുകൂല്യങ്ങളും നൽകേണ്ടതുള്ളതിനാലും മേൽ ശീർഷകത്തിൽ

ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 11.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-106-54—ഉല്പാദനത്തിനും വിപണനത്തിനുമുള്ള പ്രോത്സാഹനം.

ബഡ്ജറ്റ് വിഹിതം: 4,00,00,000 രൂപ (പ്ലാൻ)

8. 2022-23 സാമ്പത്തിക വർഷത്തിൽ 31500 ടൺ കയർ ഉൽപാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നതിനാലും കയർ വിലയുടെ 10% വിപണന പ്രചോദനമായി സംഘങ്ങൾക്ക് നൽകേണ്ടതുള്ളതിനാലും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കുന്ന സമിതി മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 8 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2851-00-106-35 —കയർമേഖലയ്ക്കുള്ള അപ്പക്സ് ബോഡി

ബഡ്ജറ്റ് വിഹിതം : ഇല്ല

9. കയർ മേഖലയുടെ മൊത്തത്തിലുള്ള വളർച്ചയെ ലക്ഷ്യമിട്ട് രൂപീകരിച്ച ഉന്നതാധികാര സമിതിയായ കയർ അപ്പക്സ് ബോഡിയുടെ ഓഫീസിന്റെ പ്രവർത്തന ചെലവിലേയ്ക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ മേൽശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 25 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-106-26—കയർ ഉല്പാദിപ്പിക്കുന്ന സംഘങ്ങളുടെ പുനഃസംഘടനയും മാനേജീരിയൽ സബ്സിഡിയും.

ബഡ്ജറ്റ് വിഹിതം : ഇല്ല

10. കയർ രണ്ടാം പുനഃസംഘടന പദ്ധതിയുടെ ഭാഗമായി കയർ സഹകരണ സംഘങ്ങളുടെ സെക്രട്ടറിമാർക്ക് നൽകിവരുന്ന വേതനത്തിന്റെ ഒരു ഭാഗം സർക്കാർ ഗ്രാന്റായി നൽകിവരുന്ന പദ്ധതി തുടർന്നും നടപ്പാക്കുന്നതിന് മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-110-62- കേരള ദിനേശ് ബീഡി വർക്കേഴ്സ് കേന്ദ്ര സഹകരണ സംഘം

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

11. ബീഡി വ്യവസായത്തിലെ പ്രതിസന്ധി പരിഹരിക്കുന്നതിനും നിലവിലെ തൊഴിലാളികളുടെ തൊഴിൽ സുരക്ഷ ഉറപ്പു വരുത്തുന്നതിനും മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 14.78 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2852-08-600-90 —ജൈവ കശുവണ്ടി കൃഷിയും തോട്ടണ്ടി ബാങ്ക് സ്ഥാപിക്കുന്നതിനും

ബഡ്ജറ്റ് വിഹിതം : 7,15,00,000 രൂപ (പ്ലാൻ)

12. സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിൽ കശുമാവ് കർഷക സമിതി രൂപീകരിക്കുന്നതിനും കശുവണ്ടി സംഭരണം ആരംഭിക്കുന്നതിനും വേണ്ടി ഓരോ സംഭരണ കേന്ദ്രത്തിനും 25,000 രൂപ ഗ്രാന്റായി നൽകുവാൻ ആകെ 35 ലക്ഷം രൂപ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 35 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2852-08-600-82—കശുവണ്ടി വികസന കോർപ്പറേഷൻ - ബ്രാൻഡ് പ്രൊമോഷൻ

ബഡ്ജറ്റ് വിഹിതം : 50,00,000 രൂപ (പ്ലാൻ)

4860-60-190-94 —കെ.എസ്.സി.ഡി.സി.-യുടെ കീഴിലുള്ള കശുവണ്ടി ഫാക്ടറികളുടെ നവീകരണവും ഭാഗികമായ യന്ത്രവൽക്കരണവും

ബഡ്ജറ്റ് വിഹിതം : 5,50,00,000 രൂപ (പ്ലാൻ)

13. കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ റിക്വിസിഷൻ & അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുത്തിട്ടുള്ള 20 ഫാക്ടറികൾ ന്യായവില നൽകി ഏറ്റെടുക്കുന്നതിന് 62.05 കോടി രൂപയും കോർപ്പറേഷന്റെ 2014-15 വർഷങ്ങളിലെ കുടിശ്ശികയായ ഇ.പി.എഫ് തൊഴിലുടമ വിഹിതം അടയ്ക്കാൻ 3.77 കോടി രൂപയും പ്രവർത്തന മൂലധന സഹായത്തിന് 50 കോടി രൂപയും തോട്ടണ്ടി സംഭരണത്തിനായി 50 കോടി രൂപയും 2005 വരെയുള്ള KGST/CST കുടിശ്ശിക തീർപ്പാക്കുന്നതിനായി 65 കോടി രൂപയും തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുവാൻ 6 കോടി രൂപയും ഉൾപ്പെടെ ആകെ 236.82 കോടി രൂപ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകങ്ങളിൽ ധനഃപുനവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 236.82 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2852-08-600-81—ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗും കമ്പോള ബോധവത്ക്കരണവും

ബഡ്ജറ്റ് വിഹിതം : 50,00,000 രൂപ (പ്ലാൻ)

4851-00-195-99—കാപ്പെക്സിൽ ഓഹരി മൂലധന സഹായ നിക്ഷേപങ്ങൾ

ബഡ്ജറ്റ് വിഹിതം : 3,50,00,000 രൂപ (പ്ലാൻ)

14. കാപ്പെക്സിന്റെ 10 ഫാക്ടറികൾ, പായ്ക്കിംഗ് സെന്റർ എന്നിവിടങ്ങളിലെ വിവിധ നവീകരണ പ്രവർത്തനങ്ങൾക്കായി 14 കോടി രൂപയും നാടൻ തോട്ടണ്ടി സംഭരണത്തിനായി 10 കോടി രൂപയും 2021-22 വർഷങ്ങളിലെ ഗ്രാറ്റുവിറ്റി നൽകുന്നതിനായി 6 കോടി രൂപയും വില്പന നികുതി ആംനെസ്റ്റി സ്കീമിനായി 3 കോടി രൂപയും പ്രവർത്തന മൂലധനമായി 7 കോടി രൂപയും ഉൾപ്പെടെ ആകെ 40 കോടി രൂപ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകങ്ങളിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 40 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2852-80-102-97—പബ്ലിക് സെക്ടർ റീസ്ട്രക്ച്ചറിംഗ് ആന്റ് ഇന്റേണൽ ആഡിറ്റ് ബോർഡ്

ബഡ്ജറ്റ് വിഹിതം : 6,30,00,000 രൂപ (പ്ലാൻ)

10,00,000 രൂപ (നോൺപ്ലാൻ)

15. പൊതുമേഖലാ സ്ഥാപനങ്ങളുടെ പദ്ധതികൾ രൂപപ്പെടുത്തി സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനും, പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് കൊച്ചിയിൽ ആരംഭിച്ച് റിയാബിന്റെ മേൽനോട്ടത്തിൽ സെക്ടറൽ എക്സ്പെർട്ടുകളെ നിയമിക്കുന്നതിനും, മികച്ച പൊതുമേഖലാ സ്ഥാപനത്തിനും മാധ്യമ റിപ്പോർട്ടിങ്ങിനുമുള്ള അവാർഡുകൾ നൽകുന്നതിനും, ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകങ്ങളിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 3.60 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2853-02-001-99—ഖനന ഭൂഗർഭ വകുപ്പ്

ബഡ്ജറ്റ് വിഹിതം : 17,52,87,000 രൂപ (നോൺ പ്ലാൻ)

16. ഖനന ഭൂഗർഭ വകുപ്പിലെ ഉദ്യോഗസ്ഥരുടെ ശമ്പളം, യാത്രാബത്ത, ആഫീസ് ചെലവുകൾ, മറ്റിനങ്ങൾ, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, ഇന്ധനചെലവ് തുടങ്ങിയ ഭരണപരമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാലും POL ഇനത്തിൽ 2021-22 വർഷത്തിൽ കുടിശ്ശികയുള്ള തുക നൽകേണ്ടതുള്ളതിനാലും മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 8 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4851-00-104-99—കരകൗശല മേഖലയിലുള്ള അപ്പെക്സ് ഓർഗനൈസേഷൻസിന് ഉള്ള സഹായം

ബഡ്ജറ്റ് വിഹിതം : 50,00,000 രൂപ (പ്ലാൻ)

17. കരകൗശല മേഖലയിലെ സ്ഥാപനമായ സുരഭിയിലെ ജീവനക്കാർക്കുള്ള ശമ്പളക്കുടിശ്ശികയും ഷോറൂമുകളുടെ വാടക കുടിശ്ശികയും തീർക്കുന്നതിനും പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായും മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4851-00-190-99—കേരള കൈത്തറി വികസന കോർപ്പറേഷൻ നിക്ഷേപങ്ങൾ

ബഡ്ജറ്റ് വിഹിതം : 1,75,00,000 രൂപ (പ്ലാൻ)

18. കേരള കൈത്തറി വികസന കോർപ്പറേഷൻ ആധുനികവൽക്കരണത്തിന്റെ മാസ്റ്റർ പ്ലാൻ അനുസരിച്ച് ആദ്യ രണ്ട് വർഷത്തെ അത്യാവശ്യമായ പദ്ധതികളായ കമ്പ്യൂട്ടറൈസേഷൻ , ഷോറൂം നവീകരണം മുതലായവയ്ക്കായി 3.5 കോടി രൂപ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.75 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4858-60-190-83—ബി.എച്ച്.ഇ.എൽ - ഇ.എം.എൽ. ഏറ്റെടുക്കുന്നതിലൂടെ രൂപീകൃതമാകുന്ന ലിമിറ്റഡ് കമ്പനിയിലേക്കുള്ള മൂലധനനിക്ഷേപം

ബഡ്ജറ്റ് വിഹിതം : 10,00,00,000 രൂപ (പ്ലാൻ)

19. കാസർഗോഡുള്ള കെൽ-ഇ.എം.എൽ കമ്പനിയുടെ പുനരുദ്ധാരണ പദ്ധതിയുടെ പൂർത്തീകരണത്തിന് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 20 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4885-01-190-95—കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡിന് സർക്കാർ ഇക്വിറ്റി മൂലധനം

ബഡ്ജറ്റ് വിഹിതം : 10,00,00,000 രൂപ (പ്ലാൻ)

20. കപ്പാസിറ്റർ ഉല്പാദനശേഷി വർദ്ധിപ്പിക്കലും നവീകരണവും, സൂപ്പർ കപ്പാസിറ്റർ ഉല്പാദനകേന്ദ്രം സ്ഥാപിക്കൽ എന്നീ പ്രോജക്ടുകൾക്ക് അനുവദിച്ചിരുന്ന 15 കോടി രൂപയിൽ, 2020-21-ൽ 10.22 കോടി രൂപ ലഭിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു.

പദ്ധതി പൂർത്തീകരണത്തിന് ലഭിക്കാനുള്ള ബാക്കി തുകയായ 4.78 കോടി രൂപയും, മാസ്റ്റർപ്ലാനിൽ എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ് (ERP) സംവിധാനം നടപ്പിലാക്കുന്നതിനായി 1.50 കോടി രൂപയും ഉൾപ്പെടെ ആകെ 6.28 കോടി രൂപ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4885-01-200-95—കെ.എസ്.ഐ.ഡി.സി. മുഖേനയുള്ള വ്യാവസായിക പ്രോത്സാഹന പ്രവർത്തനങ്ങളുടെ നിർവ്വഹണം

ബഡ്ജറ്റ് വിഹിതം : 52,50,00,000 രൂപ (പ്ലാൻ)

മെഡിക്കൽ ഡിവൈസസ് പാർക്ക്, തിരുവനന്തപുരം

ബഡ്ജറ്റ് വിഹിതം : 25,00,00,000 രൂപ (പ്ലാൻ)

21. തിരുവനന്തപുരം മെഡിക്കൽ ഡിവൈസസ് പാർക്കിൽ പ്രോട്ടോടൈപ്പ് & ഇൻകുബേഷൻ സെന്റർ, ആനിമൽ ഹൗസ് പദ്ധതി എന്നിവയ്ക്ക് 30 കോടി രൂപയും നോളജ് റിസോഴ്സ് സെന്ററിന്റെ നിർമ്മാണത്തിന് 10 കോടി രൂപയും മറ്റു നിർമ്മാണ പ്രവർത്തികൾക്ക് 5 കോടി രൂപയും ഉൾപ്പെടെ ആകെ 45 കോടി രൂപ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 20 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കോക്കനട്ട് ഇൻഡസ്ട്രിയൽ പാർക്ക് , കുറ്റ്യാടി

ബഡ്ജറ്റ് വിഹിതം : 2,50,00,000 രൂപ (പ്ലാൻ)

22. കുറ്റ്യാടി കോക്കനട്ട് ഇൻഡസ്ട്രിയൽ പാർക്കിലെ റോഡ്, മതിൽ എന്നിവയുടെ നിർമ്മാണം, വൈദ്യുതീകരണം, ജലവിതരണം തുടങ്ങിയവയ്ക്ക് വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 15.07 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ലൈറ്റ് എഞ്ചിനീയറിംഗ് പാർക്ക് , പാലക്കാട്

ബഡ്ജറ്റ് വിഹിതം : ഇല്ല

23. പാലക്കാട് ലൈറ്റ് എഞ്ചിനീയറിംഗ് പാർക്കിലെ എസ്.ഡി.എഫ്-2 കെട്ടിടത്തിന്റെ അവസാന ജോലികളുടെ ബിൽ നൽകുന്നതിനും ചുറ്റുമതിൽ, ജലവിതരണം എന്നിവയുടെ പൂർത്തീകരണത്തിനും പാർക്കിലേക്ക് HT വൈദ്യുതലൈൻ വലിക്കുന്നതിലേക്കുമായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്താത്തതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കേരള റബ്ബർ ലിമിറ്റഡ് (സിയാൽ മോഡൽ റബ്ബർ കമ്പനി, കോട്ടയം)

ബഡ്ജറ്റ് വിഹിതം : 10,00,00,000 രൂപ (പ്ലാൻ)

24. കേരള റബ്ബർ ലിമിറ്റഡിന് റോഡ്, മതിൽ നിർമ്മാണം, ഭൂമി വികസനം, അഗ്നിശമന സംവിധാനം, ജലവിതരണം, വൈദ്യുതീകരണം,റബ്ബർ ഉല്പന്നങ്ങളുടെ നവീകരണ കേന്ദ്രം,ആർ & ഡി സെന്റർ, ടെസ്റ്റിംഗ് &ഡെവലപ്പ്മെന്റ് സെന്റർ തുടങ്ങിയവയുടെ നിർമ്മാണം എന്നിവയ്ക്കായി 20 കോടി രൂപ അധികമായി ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 20 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4885-60-800-96—പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനും ഉള്ള തുക

ബഡ്ജറ്റ് വിഹിതം :30,00,00,000 രൂപ (പ്ലാൻ)

25. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പ്രവർത്തന മൂലധനം ലഭ്യമാകുന്നതുവരെ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് പ്രവർത്തന മൂലധനം നൽകേണ്ടത് അത്യന്താപേക്ഷിതമായതിനാൽ പ്രവർത്തന മൂലധനമായി 20 കോടി രൂപയും കേരളത്തിലെ പൊതുമേഖലയിലും സഹകരണ മേഖലയിലും പ്രവർത്തിക്കുന്ന ടെക്സ്റ്റയിൽ മില്ലുകൾക്ക് കോട്ടൺ ബാങ്കിനുള്ള കോർപ്പസ് ഫണ്ടായി 70 കോടി രൂപയും ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 90 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6851-00-190-88—കേരള സ്റ്റേറ്റ് പാൽമീരാ വർക്കേഴ്സ് സൊസൈറ്റിയ്ക്ക് വായ്പ

ബഡ്ജറ്റ് വിഹിതം : 75,00,000 രൂപ (പ്ലാൻ)

26. കരുപ്പട്ടി നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിന് 2021-2022-ൽ ഭരണാനുമതി ലഭിച്ചെങ്കിലും സ്ഥാപനത്തിന്റെ ഓഡിറ്റ് പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ പണം ലഭ്യമായിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഓഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കണമെന്നും പൂർത്തിയാകുന്ന മുറയ്ക്ക് മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6851-00-190-86—കേരള ബാംബൂ കോർപ്പറേഷനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 4,00,00,000 രൂപ (പ്ലാൻ)

27. സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കോർപ്പറേഷനെ വൈവിധ്യവൽക്കരണത്തിലൂടെ ലാഭത്തിലാക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന മുളയധിഷ്ഠിത ഓഫീസ് ഉൽപ്പാദനത്തിനുള്ള പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6853-01-190-99—കേരള സംസ്ഥാന മിനറൽ ഡെവലപ്പ്മെന്റ് കോർപ്പറേഷനുള്ള വായ്പകൾ (കെ.എം.ഡി.എൽ.)

ബഡ്ജറ്റ് വിഹിതം : ഇല്ല

28. റിസർവോയർ കപ്പാസിറ്റി കൂട്ടുന്നതിന്റെ ഭാഗമായി ഡാമുകൾ ഡിസിൽറ്റ് ചെയ്ത് ഡിസിൽറ്റേഷൻ പ്ലാന്റുകൾ സ്ഥാപിച്ച് മണൽ, കളിമണ്ണ് എന്നിവ വേർതിരിച്ചെടുത്ത് വില്പന നടത്തുന്ന 2022-23-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ച, പദ്ധതിയ്ക്കായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 10 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6853-60-190-97—ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട് ലിമിറ്റഡ്

ബഡ്ജറ്റ് വിഹിതം : 23,00,00,000 രൂപ (നോൺ പ്ലാൻ)

29. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട് ലിമിറ്റഡിന്റെ നിലവിലുള്ള പ്ലാന്റുകളുടെ നവീകരണം, ഉല്പാദനശേഷി വർദ്ധിപ്പിക്കൽ എന്നിവയ്ക്കും മലിനജലത്തിൽ നിന്നും ടൈറ്റാനിയം ഡയോക്സൈഡിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കാനുള്ള പദ്ധതികൾക്കും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 28.32 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6854-01-190-99—മലബാർ സിമന്റ്സ് വാളയാർ വായ്പകൾ

ബഡ്ജറ്റ് വിഹിതം : 25,00,00,000 രൂപ (പ്ലാൻ)

30. മലബാർ സിമന്റ്സ് ലിമിറ്റഡിന് കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ സ്ഥലത്ത് 0.3 ദശലക്ഷം ടൺ ബൾക്ക് സിമന്റ് ടെർമിനലും ലോജിസ്റ്റിക് ഹബ്ബും സ്ഥാപിക്കുന്ന പദ്ധതിക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 58.27 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6858-01-190-98 —ട്രാക്കോ കേബിൾസ് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 11,00,00,000 രൂപ (പ്ലാൻ)

31. ട്രാക്കോ കേബിൾസ് ലിമിറ്റഡിന്റെ തിരുവല്ല യൂണിറ്റിലെ CCV-Drycure line പദ്ധതി പൂർത്തീകരിക്കുന്നതിനും പിണറായിയിലെ ഹൗസ് വയറിംഗ് കേബിളുകളുടെ ശേഷി വിപുലീകരിക്കുന്നതിനും വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6858-01-190-96— കേരള ഇലക്ട്രിക് ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിക്കുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 10,00,00,000 രൂപ (പ്ലാൻ)

32. കേരള ഇലക്ട്രിക് ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയുടെ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയ ഹ്രസ്വകാല പദ്ധതികളുടെ ആദ്യഘട്ടത്തിന്റെ നടത്തിപ്പിനായി മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 30 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6858-02-190-94 — മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 2,92,00,000 രൂപ (പ്ലാൻ)

33. മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട ഉത്പന്ന ശ്രേണി വിപുലമാക്കൽ, കൽക്കരിക്ക് പകരമായി ഗ്യാസ് ഇന്ധനമാക്കൽ, കമ്പനിയിൽ ഇ.ആർ.പി. നടപ്പാക്കൽ, എനർജി ഹബ്ബ് സ്ഥാപിക്കൽ എന്നിവ നടപ്പാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6858-03-190-99 —കേരള ആട്ടോ മൊബൈൽസ് ലിമിറ്റഡ് ത്രീവീലർ പ്രോജക്ട്

ബഡ്ജറ്റ് വിഹിതം : 7,50,00,000 രൂപ (പ്ലാൻ)

34. കേരള ആട്ടോ മൊബൈൽസ് ലിമിറ്റഡിന്റെ ഇ-റിക്ഷ, ഇ-കാർഗോ, ഇ-ഓട്ടോയുടെ വിവിധ വകഭേദങ്ങൾ തുടങ്ങിയവയുടെ രൂപകല്പന, നിർമ്മാണം എന്നിവയ്ക്കും കണ്ണൂരിൽ ഇ-ഓട്ടോ ഫാക്ടറി തുടങ്ങുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 6.50 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6858-04-190-89— ഓട്ടോകാസ്റ്റ് ലിമിറ്റഡിനുള്ള വായ്പ

ബഡ്ജറ്റ് വിഹിതം : 7,50,00,000 രൂപ (പ്ലാൻ)

35. ഓട്ടോകാസ്റ്റിന്റെ സമഗ്ര നവീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ട് തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള ഹ്രസ്വകാല പദ്ധതികൾ നടപ്പിലാക്കുന്നതിന് 30 കോടി രൂപയും റെയിൽവേയിൽ നിന്നും ലഭിച്ച കാസ്നബ് ബോഗിയുടെ ഓർഡർ സമയബന്ധിതമായി പൂർത്തിയാക്കുവാൻ 11.50 കോടി രൂപയും ഉൾപ്പെടെ ആകെ 41.50 കോടി രൂപ അധികമായി ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 41.50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6858-04-190-84—സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിനുള്ള വായ്പ

ബഡ്ജറ്റ് വിഹിതം : 5,50,00,000 രൂപ (പ്ലാൻ)

36. സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിന്റെ നവീകരണ പദ്ധതികളുടെ പൂർത്തീകരണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 3.70 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6859-02-190-99— കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് വികസന കോർപ്പറേഷനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 15,00,00,000 രൂപ (പ്ലാൻ)

37. കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ 2020-21, 2021-22 വർഷങ്ങളിൽ ആരംഭിച്ച നവീകരണ വിപുലീകരണ പദ്ധതികളുടെ പൂർത്തീകരണത്തിനും 2022-23-ൽ പുതുതായി ആരംഭിക്കുവാൻ പോകുന്ന പവർ ഇലക്ട്രോണിക്സ്, ഡിഫൻസ് ഇലക്ട്രോണിക്സ്, ഇന്റലിജന്റ് ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം എന്നീ മേഖലകളിലെ

വൈവിധ്യവൽക്കരണ നിർമ്മാണ പദ്ധതികളുടെ നടത്തിപ്പിനും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 9.69 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6859-02-190-94—കെൽട്രോൺ ഇലക്ട്രോ സെറാമിക് യൂണിറ്റ്

ബഡ്ജറ്റ് വിഹിതം : 1,00,00,000 രൂപ (പ്ലാൻ)

38. കമ്പനിയുടെ പീസോ കോംപോസിറ്റ് ട്രാൻസ്ഡ്യൂസേഴ്സ്, റബ്ബർ മോൾഡ് പ്രോഡക്ട്സ് തുടങ്ങിയ ഹ്രസ്വകാല പദ്ധതികളുടെ പൂർത്തീകരണത്തിനായി മൂലധനമായി നടപ്പ് സാമ്പത്തിക വർഷം 2 കോടി രൂപ അധികമായി ആവശ്യമുള്ളതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6860-01-190-99—തിരുവനന്തപുരം സ്പിന്നിംഗ് മിൽസിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 1,06,00,000 രൂപ (പ്ലാൻ)

39. 2019-20-ൽ ആരംഭിച്ച മില്ലിലെ മെഷിനറികളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുന്നതിനായി മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6860-01-190-97— സീതാറാം ടെക്സ്റ്റൈൽസിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 1,50,00,000 രൂപ (പ്ലാൻ)

40. മില്ലിന്റെ ആധുനികവത്കരണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.85 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6860-01-190-95— കേരള സംസ്ഥാന ടെക്സ്റ്റൈൽസ് കോർപ്പറേഷന് വായ്പകൾ

ബഡ്ജറ്റ് വിഹിതം : 21,91,00,000 രൂപ (പ്ലാൻ)

41. കോർപ്പറേഷന് കീഴിലുള്ള പ്രഭു റാം മിൽസ്, കോമളപുരം സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്, എടരിക്കോട് ടെക്സ്റ്റെയിൽസ്, ഉദുമ ടെക്സ്റ്റെയിൽ മിൽസ്, ഹൈ-ടെക് വീവിംഗ് മിൽസ് എന്നിവയുടെ നവീകരണത്തിനും മറ്റു പ്രവർത്തനങ്ങൾക്കും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 7.53 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6860-05-190-99—കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 20,00,00,000 രൂപ (പ്ലാൻ)

42. കമ്പനിയിലെ യന്ത്രസാമഗ്രികളും പ്ലാന്റുകളും 40 വർഷത്തിലേറെ പഴക്കം ചെന്നതാകയാൽ വിവിധ പ്ലാന്റുകളിൽ/ സെക്ഷനുകളിൽ ആധുനികവൽക്കരണവും സാങ്കേതികവിദ്യാ നവീകരണവും ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 30 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6860-60-190-94—കേരള സിറാമിക്സ് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 3,50,00,000 രൂപ (പ്ലാൻ)

43. മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണത്തിനും ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിനും ഉള്ള പദ്ധതികളുടെ പൂർത്തീകരണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6860-60-190-86—ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 1,19,00,000 രൂപ (പ്ലാൻ)

44. കമ്പനിയുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തി ഉല്പാദനക്ഷമത വർദ്ധിപ്പിച്ച് കമ്പനി നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയ്ക്ക് പരിഹാരമുണ്ടാക്കുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പൂർത്തീകരണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6860-60-190-79— കേരള ക്ലേയ്സ് & സെറാമിക് പ്രോഡക്ട്സ് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 5,00,00,000 രൂപ (പ്ലാൻ)

45. കെ. സി. സി. പി. ലിമിറ്റഡിന്റെ വൈവിദ്ധ്യവല്ക്കരണത്തിന്റെ ഭാഗമായി 2022-23 വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ ചെലവുകൾക്കും പ്രവർത്തന മൂലധനത്തിനുമായി മേൽ ശീർഷകത്തിൽ 18.90 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6860-60-190-78 —കേരള കശുവണ്ടി ബോർഡ് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 40,85,00,000 രൂപ (പ്ലാൻ)

46. കേരള കശുവണ്ടി ബോർഡിന്റെ വായ്പ തിരിച്ചടവ്, തോട്ടണ്ടി ഇറക്കുമതി എന്നിവ ഉൾപ്പെടെയുള്ള പ്രവർത്തന മൂലധനത്തിനായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 19.15 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6885-01-190-97 —കേരള സംസ്ഥാന വ്യവസായിക എന്റർപ്രൈസസ് ലിമിറ്റഡ് വായ്പകൾ

ബഡ്ജറ്റ് വിഹിതം : 1,25,00,000 രൂപ (പ്ലാൻ)

47. 2021-22 വർഷത്തിൽ കൊച്ചിൻ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷനും, കേരള സോപ്പ് ലിമിറ്റഡിന്റെ ആധുനികവത്കരണത്തിനും 5 കോടി രൂപ വകയിരുത്തുകയും 2 കോടി രൂപ അനുവദിച്ചതിൽ 1.38 കോടി സർക്കാർ തിരിച്ചെടുത്തതായും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണത്തിനായി മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 4.38 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പി. രാജീവ്,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി* IV.

തിരുവനന്തപുരം,
2022 ഏപ്രിൽ 26.

-